# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1753

16.03.2015 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമവകുപ്പിൻ കീഴിൽ നടപ്പാക്കിയ പദ്ധതികളും പരിപാടികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ)<br>1. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.<br>2. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങളുടെ ബി-ടെക്കിന് പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുന്ന പദ്ധതി. (2011-12)<br>3. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് / അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായ പദ്ധതി.<br>4. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് UPSC, PSC, ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ വിവിധ മത്സര പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് 'മുസ്ലീംയുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം' എന്ന പേരിൽ എല്ലാ ജില്ലകളിലും പരിശീലനകേന്ദ്രങ്ങളും, ഉപകേന്ദ്രങ്ങളും.<br>5. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് (മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്)<br>6. തീരദേശ പ്രദേശങ്ങളിലെ സ്കൂളുകളിൽ ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം. (2011-12)<br>7. ന്യൂനപക്ഷ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സംസ്ഥാനത്താകെ 46 സൂക്ഷ്മസംരംഭങ്ങൾ. (2012-13)<br>8. സൈനിക-അർദ്ധസൈനിക മേഖലകളിൽ ന്യൂനപക്ഷ യുവാക്കൾക്ക് ജോലി ലഭിക്കുന്നതിന്, തികഞ്ഞ സൈനിക അച്ചടക്കത്തിൽ രണ്ട് മാസത്തെ സൗജന്യ പരിശീലനം. (2013-14)<br>9. 'പാസ് വേഡ്'-ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി, കോളേജ് തലങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊുള്ള വ്യക്തിത്വ വികസന പരിശീലന പരിപാടി, 14 ജില്ലകളിലായി 28 ദ്വിദിന ക്യാമ്പുകൾ. (2012-13)<br>10. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി<br>11. സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>12. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി. |

13. ദ്വിവൽസര ഐ.റ്റി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം
14. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്
15. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹമോചിതർക്ക് ഭവന പദ്ധതി.
16. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ (കല്പറ്റ, പനമരം, സുൽത്താൻ ബത്തേരി, മാനന്തവാടി) മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി.(എം.എസ്.ഡി.പി)
17. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലൂടെ നടപ്പിലാക്കുന്ന വിവിധ വായ്പ ധനസഹായ പദ്ധതികൾ.
18. നിർധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പഠന മേശയുടെയും കസേരയുടെയും വിതരണം. (2012–13)
19. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നതിന് ന്യൂന പക്ഷക്ഷേമ പ്രൊമോട്ടർമാരുടെ നിയമനം. (2013–14)
20. ന്യൂനപക്ഷ വനിതകൾക്ക് അറബിക് കാലിഗ്രാഫി (ബാത്തിക് പെയിന്റിംഗ്) പരിശീലനം. (2013–14)
21. എസ്.എസ്.എൽ.സി/പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ മദ്രസ അദ്ധ്യാപക ക്ഷേമ നിധിയിൽ അംഗത്വമുള്ള അദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
22. ഉറുദു ഐച്ഛിക ഭാഷയായെടുത്ത് എസ്.എസ്. എൽ.സിയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി
23. വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ന്യൂനപക്ഷ ദിനാചരണം സംഘടിപ്പിക്കൽ
24. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

(ബി) യും (സി) യും

കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് 2014–15 വർഷത്തിൽ താഴെ ചേർത്ത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
2. ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള മെറിറ്റ് അവാർഡ് ടു ടാലന്റ് സ്റ്റുഡൻസ്
3. ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾക്കുള്ള ഫിനിഷിംഗ് സ്കൂൾ

4. ന്യൂനപക്ഷ വകുപ്പിന് കീഴിലെ പരിശീലന കേന്ദ്രങ്ങളിൽ വെർച്വൽ ക്ലാസ്സ് റൂമുകൾ
5. മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന നിർമ്മാണ പദ്ധതി
6. ന്യൂനപക്ഷ മത വിഭാഗങ്ങളിലെ കുട്ടികൾ-ക്കുള്ള സിവിൽ സർവ്വീസ് അക്കാദമി
7. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ്
8. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ യുവാക്കൾക്ക് വേണ്ടിയുള്ള മൾട്ടി പർപ്പസ് ജോബ് ക്ലബ്
9. മദ്രസ്സാദ്ധ്യാപകർക്ക് സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാനുള്ള സഹായങ്ങൾ
10. ന്യൂനപക്ഷ മത വിഭാഗങ്ങളിലെ യുവതീ-യുവാക്കൾക്ക് വേണ്ടിയുള്ള തൊഴിൽ വൈദഗ്ദ്ധ്യം പരിശീലനം നൽകുന്നതിനുള്ള പദ്ധതി.
11. പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠന കേന്ദ്രം-നിർമ്മാണ പ്രവർത്തനത്തിനുള്ള ധന സഹായം.

സെക്ഷൻ ഓഫീസർ